# ലൈബ്രറികളുടെ നവീകരിക്കൽ കാലിക ആവശ്യം: ഡോ. എസ്. ഗോപകുമാർ

മണ്ണുത്തി: ലൈബ്രറികളുടെ ടെക്നോളജി നവീകരിക്കൽ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കാർഷിക സർവകലാശാല ഡയറക്ടർ ഒഫ് എഡ്യൂക്കേഷൻ ഡോ. എസ്. ഗോപകുമാർ അഭിപ്രായപ്പെട്ടു. കേരള കാർഷിക സർവകലാശാലയും അക്കാഡമിക് ലൈബ്രറി അസോസിയേഷനും സംയുക്തമായി സംഘടിപ്പിച്ച ദേശീയ കോഴ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നല്ല വായന എന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണെന്നും നിർമ്മിത ബുദ്ധി, ആർ.എഫ്.ഐ.ഡി തുടങ്ങിയ ലൈബ്രറികളിലെ നൂതന സാദ്ധ്യതകൾ വായനയെ പുതിയ തലങ്ങളിലേക്ക് കൊണ്ടുപോകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സർവകലാശാല ലൈബ്രറി വിഭാഗം മേധാവി ഡോ. എ.ടി. ഫ്രാൻസിമസ് അദ്ധ്യക്ഷനായി. മുൻ സർവകലാശാല ലൈബ്രേറിയന്മാരായ എം.സി ലളിത, സി. അബ്ദുൾ റസാഖ്, മദ്രാസ് സർവകലാശാല വിഭാഗം പ്രൊഫ. ഡോ. രമേഷ് ബാബു, എ.എൽ.എ ജനറൽ സെക്രട്ടറി ഡോ. കെ.ആർ അജിതൻ, അസിസ്റ്റന്റ് ലൈബ്രേറിയൻ ഡോ. എൻ.ബി നിഷ, ഡോ. വി.എസ് സ്വപ്ന എന്നിവർ സംസാരിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 200 ഓളം ലൈബ്രേറിയൻമാർ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്.

Keralakaumudi 21.01.21